"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 - പൊതുവിതരണ സോഷ്യൽ ഓഡിറ്റ് - 2025-26 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ തുകയുടെ 70% ഓഡിറ്റിംഗ് ഏജൻസിയായ ലയോള എക്സ്റ്റൻഷൻ സർവീസസിന് മുൻകൂർ അനുവദിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യകമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.82/2026/F&CS തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.185/2025/ഭ.പൊ.വി.വ തീയതി 13.06.2025
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 02.03.2026 ലെ CCS/3018/2025-D1 നമ്പർ കത്ത്

**ഉത്തരവ്**

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 28, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ലെ ചട്ടം 49 എന്നിവ പ്രകാരം പൊതുവിതരണ സമ്പ്രദായം സോഷ്യൽ ഓഡിറ്റിനു വിധേയമാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റിനായി പരാമർശം (1) പ്രകാരം "3456-00-001-78" ശീർഷകത്തിൽ ₹50,00,000/- (അമ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 2025-26 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള ഏജൻസിയായി ലെയോള എക്സ്റ്റൻഷൻ സർവീസസിനെ തെരഞ്ഞെടുത്ത് ധാരണാപത്രം ഒപ്പുവച്ചതായും, ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത റേഷൻകടകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി ചെലവാകുന്ന ആകെ തുകയുടെ 70% ടി ഏജൻസിക്ക് മുൻകൂർ അനുവദിക്കേണ്ടതുണ്ടെന്നും, അതനുസരിച്ച് ഓഡിറ്റിനായി ചെലവാകുന്ന ₹50,00,000/- രൂപയുടെ 70% ആയ ₹35,00,000/-രൂപ (മുപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) ലെയോള എക്സ്റ്റൻഷൻ സർവീസസിന് മുൻകൂർ അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം (2) പ്രകാരം

അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിംഗ് ഏജൻസിയായി തെരഞ്ഞെടുത്ത ലെയോള എക്സ്റ്റൻഷൻ സർവീസസിന് ₹35,00,000/-രൂപ (മുപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) 3456-00-001-78-00-34-03 (PV) ശീർഷകത്തിൽ നിന്ന് മുൻകൂർ അനുവദിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) മുൻകൂർ തുക അനുവദിക്കുന്നത് സംബന്ധിച്ച സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ജോയിന്റ് സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ & ഇ), തിരുവനന്തപുരം
3. ലെയോള എക്സ്റ്റൻഷൻ സർവീസസ്, ലെയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ശ്രീകാര്യം പി.ഒ., തിരുവനന്തപുരം – 695 017.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ (ഭ.പൊ.വി.വ-ബി3/131/2025-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
സെക്ഷൻ ഓഫീസർ
Date: 11-03-2026 12:23:42

പകർപ്പ് :-

ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

ഭക്ഷ്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഭക്ഷ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി